**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5162** **21-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കൃഷിനാശം നേരിട്ട കർഷകർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ കഴിഞ്ഞ വർഷവും നടപ്പുവർഷവും എത്ര രൂപയുടെ കൃഷിനാശമാണ് റിപ്പോർട്ട് ചെയ്തത്; കൃഷി നാശം സംഭവിച്ച കർഷകരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 വർഷം 60,31,544/- രൂപയുടെയും 2022-23 വർഷം 1,42,683/- രൂപയുടെയും കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകരുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. |
| (ബി) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ എത്ര ഏക്കർ നെൽകൃഷി നശിക്കുകയുണ്ടായി; നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര രൂപയുടെ കൃഷി നാശമാണ് ഉണ്ടായത്; നെൽ കർഷകർക്കുണ്ടായ നാശനഷ്ടം നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ പോന്നോർതാഴംകോൾപടവിൽ 15 ഏക്കർ നെൽകൃഷി നശിച്ചു. 9.24 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള സംസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര പേരെ അംഗങ്ങളാക്കിയിട്ടുണ്ടെന്നും 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയിൽ 7705 കർഷകരെ അംഗങ്ങൾ ആക്കിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2016 മുതൽ 92,29,976/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ